**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ:HARITHA V KUMAR IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് –ഐ.സി.ഡി.എസ്- 2025-26 അങ്കണവാടി നവീകരണം- 15 അങ്കണവാടികൾ നവീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ. (സാധാ) നം.244/2025/WCDD തീയതി-31.05.2025
2. ഈ കാര്യാലയത്തിലെ 20.07.2025, 30.10.2025 -എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ
3. വിവിധ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായ പ്രൊപ്പോസലുകൾ

**ഉത്തരവ് നം: DWCD/1045/2025-ICDSA7 തീയതി: 04-12-2025**

അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹികവിഭവകേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണം നടത്തി സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷം 4235-02-102-87 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 12 കോടി രൂപയിൽ നിന്നും 1 കോടി രൂപ വിനിയോഗിച്ച് 50 അങ്കണവാടി കെട്ടിടങ്ങൾക്ക് 2 ലക്ഷം രൂപ വരെയുള്ള നവീകരണപ്രവൃത്തികൾ തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടത്തുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം വിവിധ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായ 24 (14+10) പ്രൊപ്പോസലുകൾക്ക് 2025-26 സാമ്പത്തിക വർഷം അനുമതി നൽകിയിട്ടുണ്ട്. ഇനി 26 പ്രൊപ്പോസലുകൾ പരിഗണിക്കാൻ സാധിക്കും.

വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നതും നവീകരണം ആവശ്യമുള്ളതുമായ അങ്കണവാടികൾ നവീകരിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് പ്രോഗ്രാം ആഫീസർമാർ LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസലുകൾ ലഭ്യമാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ലഭ്യമായ പ്രൊപ്പോസലുകളിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന 15 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകിയും നവീകരണചുമതല തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർക്ക് നൽകിയും ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | ICDS പ്രോജക്റ്റ് | പഞ്ചായത്ത് | സെ. നം | എസ്റ്റിമേറ്റ് തുക | അനുവദിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | പെരുങ്കടവിള അഡീഷണൽ | കള്ളിക്കാട് | 86 | 2,00,000/- | 2,00,000/- |
| 2 | കൊല്ലം | ഓച്ചിറ | ക്ലാപ്പന | 11 | 2,24,000/- | 2,00,000/- |
| 3 | പത്തനംതിട്ട | പുളികീഴ് | തിരുവല്ല മുൻസിപ്പാലിറ്റി | 42 | 2,00,000/- | 2,00,000/- |
| 4 | പത്തനംതിട്ട | പുളികീഴ് | തിരുവല്ല മുൻസിപ്പാലിറ്റി | 24 | 2,00,000/- | 2,00,000/- |
| 5 | കോട്ടയം | ഉഴവൂർ | മാഞ്ഞൂർ | 137 | 2,00,000/- | 2,00,000/- |
| 6 | കോട്ടയം | ഉഴവൂർ | മാഞ്ഞൂർ | 139 | 2,00,000/- | 2,00,000/- |
| 7 | ഇടുക്കി | അടിമാലി അഡീഷണൽ | വെള്ളത്തൂവൽ | 40 | 1,99,325/- | 1,99,325/- |
| 8 | ഇടുക്കി | നെടുങ്കണ്ടം | നെടുങ്കണ്ടം | 37 | 2,00,000/- | 2,00,000/- |
| 9 | ഇടുക്കി | നെടുങ്കണ്ടം | നെടുങ്കണ്ടം | 15 | 2,00,000/- | 2,00,000/- |
| 10 | ആലപ്പുഴ | ആലപ്പുഴ അർബൻ | ആലപ്പുഴ മുൻസിപ്പാലിറ്റി | 146 | 2,00,000/- | 2,00,000/- |
| 11 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | കലുക്കല്ലൂർ | 81 | 2,00,000/ - | 2,00,000/- |
| 12 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | വിളയൂർ | 75 | 2,00,000/- | 2,00,000/- |
| 13 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | വിളയൂർ | 64 | 2,00,000/- | 2,00,000/- |
| 14 | മലപ്പുറം | മലപ്പുറം റൂറൽ | കോട്ടയ്ക്കൽ | 11 | 2,00,000/- | 2,00,000/- |
| 15 | കോഴിക്കോട് | പന്തലയിനി | അത്തോളി | 20 | 2,00,000/- | 2,00,000/- |
| **ആകെ** | | | | | | **29,99,325/-** |

മേൽ 15 അങ്കണവാടികളുടെ നവീകരണത്തിലേയ്ക്ക് അനുവദിക്കുന്ന **29,99,325/-** രൂപ (ഇരുപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റൊൻപതായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 4235-02-102-87 പ്ലാൻ ശീർഷകത്തിൽ ത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. നവീകരണപ്രവൃത്തികൾക്കായി 2 ലക്ഷം രൂപയിൽ അധികരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള അങ്കണവാടികൾക്ക് വകുപ്പ് വിഹിതത്തിന് പുറമെ അധികരിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വകയിരുത്തി നവീകരണം പൂർത്തീകരിക്കേണ്ടതാണ്.

നവീകരണാനുമതി നൽകിയിട്ടുള്ള അങ്കണവാടികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള നവീകരണപ്രവൃത്തികൾ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ അടിയന്തിരമായി ആരംഭിക്കേണ്ടതും നടപ്പ് വർഷം തന്നെ നവീകരണം പൂർത്തിയാക്കി 4235-02-102-87 പ്ലാൻ ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. പോഗ്രാം ആഫീസർമാർ പ്രതിമാസ നവീകരണപുരോഗതി വിലയിരുത്തി അങ്കണവാടികളുടെ നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(HARITHA V KUMAR IAS)
**വനിത ശിശുവികസന ഡയറക്ടർ**

ചീഫ് എഞ്ചിനീയർ
LSGD എഞ്ചിനീയറിംഗ് വിംഗ്
തിരുവനന്തപുരം

പകർപ്പ് :

1. എക്സിക്യൂട്ടിവ് എഞ്ചിനീയർ,LSGD (പ്രോഗ്രാം ആഫീസർമാർ മുഖേന)
2. അസിസ്റ്റൻറ് എഞ്ചിനീയർ, LSGD (സി.ഡി.പി.ഒ-മാർ മുഖേന)
3. ബന്ധപ്പെട്ട പ്രോഗ്രാം ആഫീസർമാർക്ക്
4. ബന്ധപ്പെട്ട സി.ഡി.പി.ഒ-മാർക്ക്
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Signed by
A R Rahul
സൂപ്രണ്ട്
Date: 05-12-2025 14:37:30